بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON/വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**18 September 2020/29 Muharram 1442 AH**

## *Duahs (Invocations) (Pt. 11)*/ദുആകൾ (ഭാഗം -11)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ദുആകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! ഈ ആഴ്ച യും ദുആകൾ എന്ന വിഷയത്തിൽ തന്നെ ഖുത്തുബ നിർവ്വഹണം തുടരുകയാണ്. ഇന്ന് നാം വാഗ്ദത്തമസീഹ് മിർസാ ഗുലാം അഹമ്മദ്(അ) ചെയ്തിരുന്ന ദുആകളെപറ്റിയാണ് സൂചിപ്പിക്കുന്നത്. അദ്ദേഹം നമസ്ക്കാരത്തിന് അങ്ങേയറ്റം പ്രധാന്യം നല്കുകയും ആ നമസ്ക്കാരങ്ങളെ ദുആകൾ കൊണ്ടും, ദിക്ക്റുകളാലും, നബി(സ)യുടെ മേൽ ചൊല്ലുന്ന സലാത്തുകളാലും മനോഹരമാക്കുന്നതിനെപറ്റിയും വിശദമാക്കുകയും ചെയ്തിരിക്കുന്നു.

വാഗ്ദത്തമസീഹ്(അ) പറഞ്ഞിരിക്കുന്നു.നമസ്ക്കാരം അങ്ങേയയറ്റം പ്രധാനപ്പെട്ടതും, ഒരു യഥാർത്ഥവിശ്വാസിയുടെ ആത്മീയ ഔന്നത്യത്തിന് മകുടംചാർത്തുന്ന ഒന്നും ആകുന്നു. പ്രാർത്ഥനയിൽ ദൈവവുമായി സംവദിക്കുന്നതിനുള്ള നല്ല ഒരു മാധ്യമമാണ് നമസ്ക്കാരം.

നമസ്ക്കാരം എന്നത് സർവ്വശക്തനായ ദൈവത്തിനു മുമ്പിലുള്ള നമ്മുടെ ഹാജരാകൽ ആണ്. അത് ഒരേ സമയം ദൈവസ്മരണയുണർത്തി ദൈവത്തെ, സ്തുതിക്കുന്നതും, ഓരോ വ്യക്തിയും തന്റെ പാപപ്പൊറുതിയ്ക്കായി ദൈവത്തിന്റെ മുന്നിൽ സാഷ്ടാംഗംവീണ് പ്രാർത്ഥക്കലും ആകുന്നു. നമസ്ക്കരിക്കുമ്പോൾ വ്യക്തമായ ഉദ്ദേശങ്ങൾ വെച്ചു പുലർത്താത്തവൻ, ആ നമസ്ക്കാരത്തിൽ നിന്നും ഒരു പ്രയോജനവും ഉൾക്കൊള്ളുന്നില്ല. അതിനാൽ, നിങ്ങൾ ഓരോരുത്തരും ഏറ്റവും ഉത്തമമായ രീതിയിൽ നമസ്ക്കാരത്തെ അഭിമുഖീകരിക്കേണ്ടതാണ്. നിങ്ങൾ നമസ്ക്കാരത്തിനായി നില്ക്കുമ്പോൾ നിങ്ങളുടെ നില്പിൽ നിന്നു തന്നെ നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ അങ്ങേയറ്റം വിനയത്തോടെയാണ് നില്ക്കുന്നത് എന്ന ഒരു വിചാരം നിങ്ങളിൽ ഉടലെടുക്കേണ്ടതുണ്ട്. നമസ്ക്കാരത്തിൽ നിങ്ങൾ തലകുമ്പിടുമ്പോൾ, നിങ്ങളുടെ ഹൃദയമാണ് അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നത് എന്ന് നിങ്ങൾക്ക് അനുഭവപ്പെടണം. നിങ്ങൾ നമസ്ക്കാരത്തിൽ സുജൂദ് ചെയ്യുമ്പോൾ, നിങ്ങൾ ദൈവഭയത്താലും, ദൈവഭക്തിയാലും പ്രചോദനമുൾക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ സാഷ്ടാംഗം നമസ്ക്കരിക്കുകയാണ് എന്നാണ് അനുഭവപ്പെടേണ്ടത്. നിങ്ങളുടെ ആത്മീയവും, ഭൗതീകവും ആയ ഉന്നമനത്തിനായി നിരന്തരം നമസ്ക്കരിച്ച് ദുആകളിൽ ഏർപ്പെട്ടു

കൊണ്ടിരിക്കുക. ഞാൻ വാഗ്ദത്തമസീഹ്(അ)യുടെ ചില ദുആകൾ നിങ്ങളുടെ മുമ്പാകെ വയ്ക്കുകയാണ്.

**രോഗശമനത്തിനു വേണ്ടി**: ''ബിസ്മില്ലാഹി കാഫീ, ബിസ്മില്ലാഹിശ്ശാഫീ ബിസ്മില്ലാഹി ഗഫൂറുർറഹീം, ബിസ്മില്ലാഹി ബാരിൽ കരീം; യാ ഹഫീസു, യാ അസീസു, യാ റഫീഖു, യാ വലിയുശ്ശ്ഫ്നീ.'' / ഏറ്റവും മതിയായവനായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ സഹായം ചോദിക്കുന്നു. സുഖപ്പെടുത്തുന്നവന്റെ നാമത്തിൽ; പാപപ്പൊറുതി നല്കുന്നവന്റെ നാമത്തിൽ; പശ്ചാത്താപം സ്വീകരിക്കുകയും അങ്ങേയറ്റം ദയ കാണിക്കുന്നവനും ആയവന്റെ നാമത്തിൽ, ഔദാര്യവാൻ ആയവന്റെ നാമത്തിൽ, സംരക്ഷകൻ ആയവന്റെ നാമത്തിൽ ! പ്രബലൻ ആയവനേ! അല്ലയോ ഏറ്റവും നല്ല കൂട്ടുകാരനായവനേ! എന്നെ സുഖപ്പെടുത്തിയാലും (തദ്കിറ) ''ഇശ്ഫനീ മിൻലദുൻക വർഹം നീ....'' / അല്ലാഹുവേ! എനിക്ക് രോഗശമനം നല്കുകയും, എന്നോട് കരുണ കാട്ടുകയും ചെയ്യേണമേ (തദ്കിറ)

**അല്ലാഹുവിൽ നിന്നുള്ള സഹായം ലഭിക്കുവാൻ** : ''റബ്ബി ഇന്നീ മഗ്‌ലൂബുൻ ഫൻതസ്ർ''/എന്റെ നാഥാ! ശത്രുവിനാൽ കീഴടക്കപ്പെട്ടവനായി ഞാൻ മാറിയിരിക്കുന്നു. എന്റെ സഹായത്തിനായി നീ വരേണമേ (തദ്കിറ)

**ദുഃഖത്തിൽ നിന്നും കരകയറുവാനായി** : ''റബ്ബി നജ്ജ് നീ മിൻ ഹമ്മീ''/ എന്റെ നാഥാ! എന്റെ ദുഃഖത്തിൽ നിന്നും നീയെനിക്ക് ആശ്വാസം നല്കേണമേ! ''യാ ഹയ്യൂ! യാ ഖയ്യൂമുബിറഹ്മത്തിക്ക അസ്തഖീസ്'' / അല്ലയോ! ജീവിച്ചിരിക്കുന്നവനായ അല്ലാഹ്! സ്വയം നിലനില്ക്കുന്നവൻ ആയവനെ! നിന്റെ കാരുണ്യത്തെ ചൊല്ലി ഞാൻ നിന്നോട് എനിയ്ക്ക് ആശ്വാസത്തെ, സഹായത്തെ ചോദിക്കുന്നു.

**അല്ലാഹുവിന്റെ സംരക്ഷണം ലഭിക്കുവാൻ** : ''യാ ഹഫീസു, യാ അസീസു, യാ റഫീഖു'' / സംരക്ഷണം നല്കുന്നവനായുള്ളവനേ! ഏറ്റവും പ്രബലനായുള്ളവനേ! ദയാലുവായുള്ളവനേ! അല്ലാഹ്! ഞാൻ നിന്റെ സംരക്ഷണവും, പിന്തുണയും, സൗഹൃദവും യാചിക്കുന്നു.

**അറിവു വർദ്ധിക്കുന്നതിനായി** : ''റബ്ബി അരീനീ ഹഖായ്ക്കൽ അശ്യായീ..'' / അല്ലയോ നാഥാ! എല്ലാറ്റിനും പിന്നിലെ യഥാർത്ഥ സത്യത്തെ നീ എനിക്ക് കാണിച്ചു തരേണമേ. ''റബ്ബി അല്ലിംനീ മാഹുവ ഖൈറുൻ ഇൻദക്ക''/ എന്റെ നാഥാ! എനിക്ക് ഏറ്റവും അനുയോജ്യമായത് നിന്റെ പക്കൽ നിന്ന് പഠിച്ചെടുക്കുവാൻ എന്നെ സഹായിക്കേണമേ (തദ്ക്കിറ)

**തഖ്വ ലഭിക്കുവാനായി ചെയ്യേണ്ട പ്രാർത്ഥന** : ''റബ്ബി അദ്ഹബ് അന്നി രിജ്സ വ തഹ്ഹിർനീ തത്ഹീറാ'' / അല്ലാഹുവേ! എന്റെ പാപങ്ങളിൽ നിന്നും എനിക്ക് മോചനം നല്കുകയും, എന്നെ പൂർണ്ണമായും പരിശുദ്ധനാക്കുകയും ചെയ്യേണമേ.

**അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹം ലഭിക്കുവാനായി** : ''റബ്ബി ജിഅൽനീ മുബാറക്കൻ ഹയ്സു മാ കുൻതു''/ അല്ലാഹുവേ! ഞാൻ എവിടെയായിരുന്നാലും എന്നെ അനുഗ്രഹീതനാക്കി

മാറ്റേണമേ!

**സജദാ - സലാത്ത്** : ''യാ മൻ ഹുവ അഹബ്ബു മിൻ കുല്ലി മഹ്ബൂബിൻ ഇഹ്ഫിർ ലീ വതുബ് ഇലയ്യാ വ അദ്ഖിൽ നീ ഫീ ഇബാദിക്കൽ മുഖ്ലിസീൻ'' / എന്റെ നാഥാ! എന്റെ ഏറ്റവും പ്രിയപ്പെട്ടവരേക്കാൾ സ്നേഹിക്കപ്പെടാൻ അർഹതയുള്ളവനായ അല്ലാഹുവേ, എനിക്ക് പൊറുത്തുതരികയും എന്നോട് കരുണകാട്ടുകയും, നിന്റെ വിശ്വസ്തരായ ഭക്തദാസരിൽ എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ.

**അല്ലാഹുവിനെ വിളിച്ചപേക്ഷിക്കുന്നതിൽ വിജയിക്കുന്നതിനായി** :

''റബ്ബി അരിനീ കയ്ഫ തുഹ്യിൽ മൗത്താ റബ്ബി ഇഅ്ഫ്ർ വർഹം മിനസ്സമാഈ'' / എന്റെ നാഥാ! മരിച്ചവരെ (ആത്മീയമായി) ജീവിപ്പിക്കുന്നതെങ്ങനെയാണെന്ന് എനിക്ക് കാണിച്ചുതന്നാലും! എന്റെ നാഥാ! നീ എനിക്ക് പൊറുത്തുതരികയും, വാനലോകത്തുനിന്ന് നീ കരുണചൊരിയുകയും ചെയ്യണമെ. / ''റബ്ബി അസ്ലിഹ് ഉമ്മത്ത മുഹമ്മദിൻ'' / എന്റെ നാഥാ! മുഹമ്മദ്(സ)ന്റെ ജനതയെ സംസ്ക്കാര സമ്പന്നരാക്കേണമെ. (തദ്കിറ) ''അല്ലാഹുമ്മ ഉൻസുമൻ നസറ ദീന മുഹമ്മദിൻ (സ) വജഅൽനാ മിൻഹും'' / എന്റെ നാഥാ! ഇസ്ലാമിനെ സഹായിക്കുന്നവരെ നീ സഹായിക്കേണമേ! നീ ഞങ്ങളെ അക്കൂട്ടരിൽ ഉൾപ്പെടുത്തണമേ! ''അല്ലാഹുമ്മഖുദ്ദുൽ മൻ ഖദല ദീന മുഹമ്മദിൻ (സ) വലാ തജ്അൽനാ മിൻഹും'' / എന്റെ നാഥാ! ഇസ്ലാമിനെ പരിഹസിക്കുന്നവരെ നീ പരിഹസിക്കേണമേ. നീ ഞങ്ങളെ അക്കൂട്ടത്തിൽപ്പെടത്തരുതേ.!/ ''യാ റബ്ബീ ഫസ്മ ദുആയീ വ മസ്സിക് അദാക്ക വ അദാഈ വ അൻജിസ് വ അദറക്ക വൻസുർ അബ്ദക്ക വ അരിനാ അയ്യാമക്ക വ ശഹ്ഹിർലനാ ഹുസ്സാമക്ക വ അലാ തദ്ഹർ മിനൽ കാഫിരീന ശരീആ'' / അല്ലാഹുവേ! എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ, നിന്റെയും എന്റെയും ശത്രുക്കളെ ഇല്ലാതാക്കേണമേ.! നീ നിന്റെ ദാസനെ സഹായിക്കുകയും, നിന്റെ വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്യേണമേ. നിന്റെ വിജയത്തെ നീ ഞങ്ങൾക്ക് കാട്ടിത്തരണമേ. നിന്റെ വാളിനെ നീ വീശുകയും നിന്നെ എതിർക്കുന്ന കുതന്ത്രശാലികളെ നീ തച്ചുടക്കുകയും ചെയ്യേണമേ(തദ്കിറ)/ ''റബ്ബീ ആതിനീ മിൽലദുൻക അൻസാറൻ ഫീ ദീനിക്ക വ അദ്ഹിബ് അന്നീ ഹുസ്നീ വ അസ്ലിഹ് ശഅ്നീ കുല്ലഹൂ ലാ ഇലാഹ ഇല്ലാ അൻത'' / എന്റെ നാഥാ ! നിന്റെ ദീനിന്റെ കാര്യത്തിൽ സഹായിക്കുവാനായി എനിക്ക് നീ നിന്നിൽ നിന്നുള്ള സഹായികളെ വിട്ടുനല്കിയാലും എന്റെ ബുദ്ധിമുട്ടുകളെ അകറ്റുകയും, എന്റെ പ്രയത്നത്തിൽ എനിക്ക് വിജയം നല്കുകയും ചെയ്യേണമേ. ആരാധനയ്ക്കർഹൻ നീ അല്ലാതെ മറ്റാരുമില്ല. (മഖ്തൂബാത്ത് അഹ്മദിയ വോള്യം 5: പേജ് 34) ''റബ്ബീ ഇന്നക്ക ജന്നത്തീ വ റഹ്മത്തുക്ക ജന്നത്തീ വ ആയാത്തുക്ക ഫിദാഈ വഫീലിക്കായീ'' / എന്റെ നാഥാ ! നീയാണ് എന്റെ ആശ്വാസദായകൻ. നിന്റെ കാരുണ്യം എനിക്ക് സംരക്ഷണകവചവും, നിന്റെ മാഹാത്മ്യം എനിക്ക് അന്നവും, നിന്റെ കർമ്മം എന്റെ പരിചയും ആകുന്നു. (ഹഖീഖത്തുൽ വഹ്യ് പേജ് 384.) ''റബ്ബീ അരിനീ അൻവാറക്കൽ കുൽലിയത്താ'' / എന്റെ നാഥാ ! എമ്പാടും വ്യാപരിച്ചു കിടക്കുന്ന

നിന്റെ സവിശേഷ ഗുണങ്ങളെ എനിക്ക് കാട്ടിത്തന്നാലും.

''റബ്ബീ അല്ലിംനീ മാ ഹുവ ഖൈറുൻ ഇൻദക്ക''/ എന്റെ നാഥാ ! നിന്റെ ദൃഷ്ടികളിൽ ഏറ്റവും നന്നായിട്ടുള്ളതിനെ എനിക്കു പഠിപ്പിച്ചു തന്നാലും. (ഹഖീഖത്തു ൽ വഹ്‌യ് പേജ് 103, റൂഹാനി കസായീൻ വോള്യം 22, പേജ് 106)/ ''റബ്ബിർഹംനീ ഇന്ന ഫദ്‌ലക്ക വ റഹ്മത്തക്ക യുൻജീ മിനൽ അദാബി'' / എന്റെ നാഥാ ! എന്നിൽ കരുണ ചൊരിഞ്ഞാലും! നിശ്ചയമായും നിന്റെ കാരുണ്യവും അനുഗ്രഹവും എന്നെ ശിക്ഷകളിൽ നിന്നും രക്ഷിക്കുകതന്നെ ചെയ്യും (തദ്കിറ)/ ''വമാ തൗഫീക്കി ഇല്ലാ ബില്ലാഹി റബ്ബനഹ്ദിനസ്സിറാത്വൽ മുസ്തഖീമ വ ഹബ്‌ലനാ മിൻ ഇൻദിക്ക ഫഹ്മ ദ്ദീനിൽ ഖവ്വാമി വ അല്ലിംനാ മിൻലദുൻക ഇൽമാ''/ അല്ലാഹുവിന്റെ കാരുണ്യവും, കടാക്ഷവും കൂടാതെ എനിക്ക് കരുത്ത് പകരുവാൻ ഒരു സാധ്യതയുമില്ല. എന്റെ അല്ലാഹ്, ഞങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കുകയും, നിന്നിൽ നിന്നുള്ള അനുഗ്രഹത്താൽ ഈ പ്രത്യേക അറിവിനെ ഞങ്ങൾക്ക് മനസ്സിലാക്കിത്തരികയും ചെയ്യേണമേ. (ഹഖീഖത്തുൽ വഹ്‌യ് പേജ് 5)/ ''വമാ തൗഫീക്കി ഇല്ലാ ബില്ലാഹി റബ്ബി അൻത്വിക്നാ ബിൽ ഹഖി വക്സിഫ് അലയ്നൽ ഹഖ വഫ്ദിനാ ഇലാ ഹഖിൻ മുബീൻ'' / സർവ്വശക്തനായ അല്ലാഹുവിന്റെ കാരുണ്യം കൂടാതെ ഒന്നും തന്നെ നേടുവാൻ സാധിക്കാത്ത അവസ്ഥയിലാണ് ഞാൻ. എന്റെ നാഥാ, സത്യം സംസാരിക്കുന്നതിന് എന്നെ സഹായിക്കേണമേ. ഞങ്ങൾക്ക് സത്യം വെളിവാക്കിത്തരികയും, ഞങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കുകയും ചെയ്യേണമേ, (റൂഹാനി ഖസായീൻ വോള്യം 21, പേജ് 414)

ശത്രുക്കളിൽ നിന്നുള്ള അവഹേളനങ്ങളുടെ അസഭ്യവർഷങ്ങളും കേട്ട് തളർന്ന വാഗ്ദത്ത മസീഹ് (അ) അവരോട് സംസാരിക്കുന്നത് നിർത്തുകയും അല്ലാഹുവിന്റെ മുന്നിൽ സുജൂദിൽ വീണ് അതീവ വിനയത്തോടെ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നതായി വാഗ്ദത്ത മസീഹ് (അ) വിശദമാക്കിയിരിക്കുന്നു./ ''യാറബ്ബിൻസുർ അബ്ദക്ക വഅ്ദുൽ ആ ദാക്ക ഇസ്തജ്ബ്നീ യാ റബ്ബി ഇസ്തജ്ബ്നീ ഇലാമാ യസതഫ്സവു ബിക വബി റസൂലിക്ക വ ഹത്താ മാ യുക്കദ്ദിബൂന കിതാബക്ക വ സുബ്ബൂന നബിയ്യക്ക അസ്തഹീതു ബിറഹ്മത്തിയാഹയ്യൂ, യാ ഖയ്യൂറ യാ മുഈൻ''/ എന്റെ നാഥാ നിന്റെ ദാസനെ നീ വിജയിപ്പിക്കുകയും നിന്റെ ശത്രുക്കളെ നീ അപമാനിതരാക്കുകയും ചെയ്യേണമേ. എന്റെ നാഥാ! എന്റെ പ്രാർത്ഥനകൾ കേൾക്കുകയും, അവ സ്വീകരിക്കുകയും ചെയ്യേണമേ! നിന്നെയും നിന്റെ പ്രവാചകനേയും കളിയാക്കിക്കൊണ്ടിരിക്കുന്നത് അവർ എത്ര കാലം തുടർന്നുപോകും തമ്പുരാനേ. നിന്റെ ഗ്രന്ഥത്തെ തിരസ്കരിക്കുകയും, നിന്റെ പ്രവാചകനെതിരിൽ അസഭ്യശരങ്ങൾ വർഷിക്കുകയും ചെയ്യുന്നത് അവർ എത്രകാലമിനിയും തുടരും? ശാശ്വതമായി നിലനില്ക്കുന്നവൻ ആയുള്ള എന്റെ അല്ലാഹ്. ഞാനികാര്യം നിന്റെ കരുണയ്ക്കായി സമർപിക്കുന്നു. (ആയിന കമാലത്തെ ഇസ്ലാം പേജ് 569)/ ''റബ്ബി ലാ തദയ്യി ഉമൂരി വ ഉമൂറഹാ വഫ്ഫസ്നീ മിൻ കുല്ലി ആഫാത്തിൻ തുർസലു ഇലയ്യാ''/ എന്റെ നാഥാ, എന്റെയും അവളുടെയും ജീവിതത്തെ നീ പാഴാക്കിക്കളയരുതേ. എന്റെ നേർക്കു വരുന്ന

ബുദ്ധിമുട്ടുകളിൽ നിന്നും എന്നെ നീ സംരക്ഷീക്കേണമേ. (തദ്കിറ പേജ് 611)

"മിൻ ശർരി ആസിക്കിൻ ഇദാ വഖബ്"/ രാവിന്റെ-അത് അന്ധകാരനിബിഢമാകുമ്പോഴുള്ള ദോഷങ്ങളിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. (തദ്കിറ പേജ് 82) "ഏലി ഏലി ലിമാസബഖത്തനീ"/ എന്റെ നാഥാ! എന്റെ നാഥാ! എന്തിനാണ് നീയെന്ന് ഉപേക്ഷിച്ചു കളഞ്ഞത്? (തദ്കിറ പേജ് 245) "ഏലി ഏലി ലിമാ സ-ബയത്താനീ ഇബറ് അവ്വാസ്"/ എന്റെ നാഥാ! എന്റെ നാഥാ! എന്തിനാണ് നീയെന്ന് ഉപേക്ഷിച്ചു കളഞ്ഞത്? നിന്റെ പാരിതോഷികങ്ങൾ കൊണ്ടെന്നെ അനുഗ്രഹിച്ചാലും എന്റെ റബ്ബേ!(തദ്കിറ പേജ് 91)"അൽഹംദുല്ലാഹില്ലദീ അദ്ഹബ അന്നിൽ ഹസന വ അത്താനീ മാലം യുഅ്താ അഹദുൻ മിനൽ ആലമീൻ"/ എന്റെ ദുഃഖങ്ങളെയും ദുരിതങ്ങളെയും അകറ്റി, മറ്റാർക്കും നല്കിയിട്ടില്ലാത്ത കാര്യങ്ങൾ എനിക്കു നല്കിയ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും (തദ്കിറ പേജ് 186)/ ആയിനയെ കമാലത്തെ ഇസ്ലാമിൽ പേജ് 213 ൽ ഹസ്രത് മസീഹ് മൗഊദ്(അ) ചെയ്തിരിക്കുന്ന ദുആകളോടെ ഞാൻ ഇന്നത്തെ ഖുതുബ അവസാനിപ്പിക്കുകയാണ്. കരുണാവാരിധിയായ അല്ലാഹുവേ, ഞങ്ങൾക്ക് നിന്റെ കരുണ അങ്ങേയറ്റം ആവശ്യമുള്ളവരായിരിക്കുന്നു. എല്ലാം വാരിക്കോരി നല്കുന്നവനേ! നിന്റെ മാർഗ്ഗദർശനം ഞങ്ങൾക്ക് ഇല്ലാതെ പറ്റില്ല നാഥാ! നിന്റെ മാർഗ്ഗദർശനം വെളിപ്പെടുന്ന ദിനം അനുഗ്രഹീതമത്രേ. നിന്റെ വിജയം പ്രഖ്യാപിക്കപ്പെടുന്ന നിമിഷം അനുഗ്രഹീത നിമിഷമത്രേ./ "തവക്കൽനാ അലൈയ്ക്ക വലാ ഹൗല വലാ കൂവ്വത്ത ഇല്ലാ ബിക്ക വ അൻതൽ അലിയുൽ അളീം"/ ഞങ്ങൾ നിന്നിൽ പരിപൂർണ്ണമായി ഭരമേല്പിച്ചിരിക്കുന്നു. നിനക്കല്ലാതെ മറ്റാർക്കും അധികാരമോ, കരുത്തോ ഇല്ല. നീ അത്യുന്നതനും മഹത്വമുടയവനും ആകുന്നു. വാഗ്ദത്തമസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ: പ്രാർത്ഥന മാധുര്യമേറിയ ഒരു അരുവിയാണ്. അതിന്റെ അരികിൽ ഒരു വിശ്വാസിക്ക് എത്ര നേരവും, ഏതു സമയവും ഇരിയ്ക്കാവുന്നതും അതിൽ നിന്നും അവന് മതിയാവോളം കോരി കുടിക്കാവുന്നതുമാണ്. ജലമില്ലാതെ മൽസ്യത്തിന് ജീവിയ്ക്കുവാൻ ആകാത്തതുപോലെ, ഒരു മുസ്ലിമിന് പ്രാർത്ഥന കൂടാതെ ജീവിയ്ക്കുവാനും സാധിക്കുകയില്ല. (മൽഫൂസാത്ത് വോള്യം 4, പേജ് 13) ഇൻശാഹ് അല്ലാഹ്, അടുത്ത വെള്ളിയാഴ്ച വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്ന ദുആകളെപറ്റി ഖുത്തുബ നിർവ്വഹിക്കുന്നതാണ്. അല്ലാഹു(ത), അവന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിലും, അവന്റെ പ്രിയങ്കരനായ പ്രവാചകൻ മുഹമ്മദ് (സ)യുടെ സുന്നത്തിലും, കാലാകാലങ്ങളിൽ അവൻ തന്റെ തെരെഞ്ഞെടുക്കപ്പെട്ട ഭക്തദാസരിലൂടെ വെളിവാക്കിയ അറിവിന്റെ ഭണ്ഡാരങ്ങളിലും ആഴമേറിയ അറിവും, അവബോധവും നല്കി നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ, ആമീൻ.

***Translated £ Issued by : Mukarram R. Jamaludin Raother***
***By : Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India, E-mail : jamal.raother@gmail.com***